ഗസ്റ്റ്‌ലക്ചറർ ഒഴിവ്

തിരുവനന്തപുരം: ആൾസെയിന്റ്സ് കോളേജിലെ ഹിന്ദി വിഭാഗത്തിൽ ഗസ്റ്റ് ലക്ചറർമാരെ ആവശ്യമുണ്ട്. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്ത് നമ്പർ കിട്ടിയിട്ടുള്ളവർ മാത്രം അപേക്ഷിക്കുക. അസൽ സർട്ടിഫിക്കറ്റുകളും ബയോഡേറ്റയും സഹിതം 16ന് രാവിലെ 9.30ന് കോളേജ് ഓഫീസിൽ ഇന്റർവ്യൂവിനെത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

സഹകരണ സമ്മേളനം

തിരുവനന്തപുരം : അറുപത്തിനാലാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് കായ്യാടി ജോയിന്റ് ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സഹകരണ സമ്മേളനം സംഘടിപ്പിച്ചു. സൊസൈറ്റി ഓഫീസ് അങ്കണത്തിൽ നടന്ന ആഘോഷ പരിപാടി പ്രസിഡന്റ് നൗഷാദ് കായ്യാടി ഉദ്ഘാടനം ചെയ്തു. ബോർഡ് അംഗം പി.എസ്. സുനന്ദകുമാരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി രാധാകുമാരി, ജോൺ ജി. കൊട്ടറ, സലാഹുദ്ദീൻ, സി. ഗോപി, മിനീഷ് തങ്കച്ചി, എം. ഹക്കിം, ജി. കൃഷ്ണൻ നായർ, രത്നാകരൻ, ഹനീഫാ, ഭാസ്കരൻ നായർ, അബ്ദുൽ കലാം എന്നിവർ പ്രസംഗിച്ചു.

സ്കോളർഷിപ്പിന് അപേക്ഷിക്കാം

തിരുവനന്തപുരം : വണിക വൈശ്യസംഘം വർക്കല ശാഖാംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, മറ്റ് ഉന്നതപഠന കോഴ്സുകൾ 2017 മാർച്ചിൽ പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷയ്ക്കൊപ്പം ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 9447249088, 9495626714, 9495027037

പ്രോവിഡന്റ് ഫണ്ട് ഓഫീസ് മാർച്ച് ഇന്ന്

തിരുവനന്തപുരം: ഇ.പി.എഫ് പെൻഷൻകാരോട് കേന്ദ്രസർക്കാർ തുടരുന്ന അവഗണനയ്ക്കെതിരെ പി.എഫ് പെൻഷണേഴ്സ് അസോസിയേഷൻ ഇന്ന് പട്ടം പി.എഫ് ഓഫീസിലേക്ക് മാർച്ച് നടത്തും. പെൻഷൻ 6500 രൂപയാക്കുക, ക്ഷാമബത്ത അനുവദിക്കുക, തിരിച്ചടവ് പൂർത്തിയാക്കിയ കമ്മ്യൂട്ടേഷൻ കാർക്ക് പൂർണ പെൻഷൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ച്. രാവിലെ 10ന് പ്ലാമൂട് നിന്നും ആരംഭിക്കുന്ന മാർച്ച് കെ. മുരളീധരൻ എം. എൽ.എ ഉദ്ഘാടനം ചെയ്യും. അസോസിയേഷൻ നേതാക്കളായ ഡി. മോഹനൻ, ജി. ഉണ്ണിക്കൃഷ്ണൻനായർ, പി.ജി. രാജേന്ദ്രൻ, പുളിമൂട് ചന്ദ്രൻ, ബി. സോമശേഖരൻ നായർ എന്നിവർ സംസാരിക്കും.

തലയ്ക്കു മീതെ വൈദ്യുതി ലൈൻ, താഴെ ടവർ; ഭീതിയിൽ ജനം

66 കെ.വി സബ്സ്റ്റേഷൻ ടവറുകൾക്ക് 50 വർഷത്തിലേറെ പഴക്കം

KAUMUDI ALERT

എ.പി.ജിനൻ

നെയ്യാറ്റിൻകര : 66 കെ.വി ലൈൻ വലിക്കാനുള്ള ടവറുകൾ സ്ഥാപിച്ച് വർഷങ്ങൾ കഴിഞ്ഞതോടെ ഒട്ടമിക്ക ടവറുകളും വൈദ്യുതി ലൈനുകളും നിലംപൊത്താവുന്ന സ്ഥിതിയിലായി. യഥാസമയം അറ്റകുറ്റപണി നടത്താത്തതാണ് ടവറുകളും ലൈനുകളും തുരുമ്പെടുക്കാൻ കാരണം. ഇതോടെ ടവറുകൾ കടന്നുപോകുന്ന പ്രദേശത്തെ ജനങ്ങൾ ഭീതിയിലായി. എത്രയും വേഗം ഇവ മാറ്റി സ്ഥാപിക്കുകയോ പ്രാവച്ചമ്പലം - കളിയിക്കാവിള 6 വരിപാത നിർമാണത്തോടൊപ്പം റോഡരികിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് മാറ്റുകയോ വേണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

> "എത്രയും പെട്ടെന്ന് ടവറിന്റെ ദ്രവിച്ച ഭാഗങ്ങളെങ്കിലും മാറ്റി സ്ഥാപിക്കാൻ അധികൃതർ തയ്യാറാകണം"
> ഇലിപ്പോട്ടുകോണം വിജയൻ, ഗാന്ധിമിത്രമണ്ഡലം സെക്രട്ടറി)

സ്ഥലവാസികൾ ആശങ്കയിൽ

പെരുമ്പോട്ടുകോണം, തൊഴക്കൽ, മരുതത്തൂർ, ചായ്ക്കോട്ടുകോണം, ധനുവച്ചപുരം എന്നിവിടങ്ങളിലെ ടവറുകൾ അപകടാവസ്ഥയിലായതിനാൽ സമീപത്തെ താമസക്കാർ ആശങ്കയിലാണ്. 110 കെ.വി ലൈനുകൾ ആധുനിക രീതിയിൽ അപകടരഹിതമായി സ്ഥാപിക്കുന്നതിന് വിദഗ്ധോപദേശം തേടണമെന്നാണ് നാട്ടുകാരുടെ ആവശ്യം. റോഡിന് മുകളിലൂടെയുള്ള വൈദ്യുത കമ്പികളെ മണ്ണിനടിയിൽ കുഴലുകൾ സ്ഥാപിച്ച് അതിനുള്ളിലാക്കുന്നത് അപകടം ഇല്ലാതാക്കും.

110 കെ.വിക്ക് അനുമതി

നെയ്യാറ്റിൻകര 66 കെ.വി സബ്സ്റ്റേഷനെ 110 കെ.വി യായി ഉയർത്തുന്നതിന്റെ നിർമാണോദ്ഘാടനം കഴിഞ്ഞു. ഇതിനായി 8.4 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പണം ഉപയോഗിച്ച് സബ് സ്റ്റേഷനിലെ പണികൾമാത്രമാണ് നടത്തുന്നത്.

> 'പുതിയ ലൈനും ടവറും സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് എടുത്ത് നിർമാണജോലികൾ തുടങ്ങും"
> കെ. ആൻസലൻ എം.എൽ.എ

ആര്യനാട് സ്റ്റേഷനിൽ ഒരു കള്ളനും പൊലീസും കളി

ആര്യനാട്: ആര്യനാട് പൊലീസ് സ്റ്റേഷനിൽ ഇന്നലെ സിനിമയെ വെല്ലുന്ന കള്ളനും പൊലീസും കളിയാണ് നടന്നത്.

സംശയത്തിന്റെ പേരിൽ കസ്റ്റഡിയിലെടുത്ത അന്യസംസ്ഥാന തൊഴിലാളി പൊലീസിനെ വെട്ടിച്ച് കടന്നു കളയാൻ ശ്രമിച്ചു. എസ്. ഐയുടെ നേതൃത്വത്തിൽ അയാളെ ഓടിച്ചിട്ട് പിടികൂടി.

തിങ്കളാഴ്ച രാത്രിയിൽ വെള്ളനാട് ഭാഗത്തുനിന്നും അന്യസംസ്ഥാന തൊഴിലാളിയെ പിടികൂടുകയായിരുന്നു. തുടർന്ന് സ്റ്റേഷനിൽ എത്തിച്ച് സെല്ലിലാക്കി. ഇന്നലെ രാവിലെ 9.30ഓടെ ഇയാൾ പ്രാഥമിക കൃത്യത്തിന് പോകണമെന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന പൊലീസുകാരോട് ആവശ്യപ്പെട്ടു.

ഇയാളെ സ്റ്റേഷന് പിന്നിലെ ബാത്ത്റൂമിൽ കൊണ്ടുപോകുന്നതിനിടയിൽ പിന്നിലെ മതിൽ ചാടിക്കടന്ന് രക്ഷപ്പെടാൻ ശ്രമിച്ചു. സംഭവം അറിഞ്ഞ് സ്ഥലത്തുണ്ടായിരുന്ന സബ് ഇൻസ്പെക്ടർ വി. എസ്. അജീഷും മറ്റ് പൊലീസുകാരും പുറകേ ഓടി. ഏകദേശം ഒരു കിലോമീറ്റർ ഓടിയശേഷമാണ് ആനന്ദേശ്വരം ശിവക്ഷേത്രത്തിന് സമീപം വച്ച് ഇയാളെ പിടികൂടാനായത്.

സാലി വധം: രണ്ടു പ്രതികളും കുറ്റക്കാരെന്ന് കോടതി

തിരുവനന്തപുരം: ഉറ്റ സുഹൃത്തിനെ കൊന്ന് കായലിൽ താഴ്ത്തിയ കേസിൽ രണ്ട് പ്രതികളും കുറ്റക്കാരെന്ന് കോടതി. പെരുങ്കുഴി ആഴർകടവ് നിഷാദ് മൻസിലിൽ സാലിയെയാണ് പ്രതികൾ കൊന്നത്. വർക്കല തൊടുപാലത്തിന് സമീപം കുറ്റത്തലി എന്ന അബ്ദുൾ വാഹീദ്, കൊച്ചുവേളി മാധവപുരം കോളനിയിൽ കരടി രാജു എന്ന സുദേവൻ എന്നിവരാണ് കേസിലെ പ്രതികൾ. പ്രതികൾക്ക് എതിരെ കൊലപാതകം, ഗൂഢാലോചന, തെളിവ് നശിപ്പിക്കൽ, കൂട്ടായി കുറ്റകൃത്യം ചെയ്യൽ എന്നീ കുറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. മോഷണവും വ്യാജച്ചാരായ കച്ചവടവും ആയി നടന്നിരുന്ന സാലിയെ 22 വർഷം മുൻപാണ് സുഹൃത്തുക്കളും കൂട്ടാളികളും ആയിരുന്ന പ്രതികൾ കൊലപ്പെടുത്തിയത്.

1995 ഫെബ്രുവരി 19ന് പ്രതികൾ സാലിയെ അയാളുടെ അന്നജന്റെ വീട്ടിൽ നിന്നു വിളിച്ചു കൊണ്ട് പോയി. അന്ന് രാത്രി തന്നെ ആവൂർ കായലിന് നടുവിലുള്ള കാക്കത്തുരുത്തിൽവച്ച് സാലിയെകൊലപ്പെടുത്തി. 27 സാക്ഷികളെ വിസ്തരിച്ചിരുന്നു.

ബോധപൗർണമി ക്ലബിന്റെ ഉദ്ഘാടനം സി.ആർ.പി.എഫ് ഡെപ്യൂട്ടി കമൻഡാന്റ് സജീവ്. പി.എം നിർവഹിക്കുന്നു. സുനിൽ .കെ. ടി, പ്രിൻസിപ്പൽ ഡെൽസി ജോസഫ്, സ്കൂൾ ട്രസ്റ്റ് സെക്രട്ടറി ഫിറോസ്, അഡ്മിനിസിട്രേറ്റീവ് ഓഫീസർ നജീബ്, സനിൽ കുളത്തിങ്കൽ, കേരളകൗമുദി കഴക്കൂട്ടം ലേഖകൻ കഴക്കൂട്ടം സുരേഷ് തുടങ്ങിയവർ സമീപം

പള്ളിപ്പുറം മോഡൽ പബ്ലിക് സ്കൂളിൽ ബോധപൗർണമി ക്ലബ് ഉദ്ഘാടനം

കഴക്കൂട്ടം: കേരളകൗമുദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബോധപൗർണമി ക്ലബിന്റെ ഉദ്ഘാടനം ശിശുദിനത്തിൽ പള്ളിപ്പുറം മോഡൽ പബ്ലിക് സ്കൂളിൽ നടന്നു.

പള്ളിപ്പുറം സി. ആർ. പി. എഫ് ഡെപ്യൂട്ടി കമൻഡാന്റ് സജീവ്. പി. എം ഉദ്ഘാടനം ചെയ്തു. പി. ടി. എ പ്രസിഡന്റ് സുനിൽ .കെ. ടി അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡെൽസി ജോസഫ്, സ്കൂൾ ട്രസ്റ്റ് സെക്രട്ടറി ഫിറോസ്, അഡ്മിനിസിട്രേറ്റീവ് ഓഫീസർ നജീബ്, അദ്ധ്യാപിക സ്നിതാ സലീം, ബോധപൗർണമി കോ ഓർഡിനേറ്റർ സനിൽ കുളത്തിങ്കൽ, കേരളകൗമുദി കഴക്കൂട്ടം ലേഖകൻ കഴക്കൂട്ടം സുരേഷ്, പി. ആർ. എസ്. പ്രകാശ് തുടങ്ങിയവർ പങ്കെടുത്തു. ശിശുദിനത്തോടനുബന്ധിച്ച് പ്രിൻസിപ്പൽ ലഹരിവിരുദ്ധ സന്ദേശവും, ലോഹേന്ദർ സിംഗ് ശിശുദിന സന്ദേശവും നൽകി.

ബോധപൗർണമി ക്ലബിന്റെ അദ്ധ്യാപക പ്രതിനിധിയായി പ്രിയയെയും, വിദ്യാർത്ഥി പ്രതിനിധിയായി ഫിദാഹബീസിനെയും തിരഞ്ഞെടുത്തു.

വൈദ്യുതി ഭവൻ മാർച്ച്

തിരുവനന്തപുരം : കഴിഞ്ഞ യു. ഡി. എഫ് സർക്കാർ കൊണ്ടുവന്ന 200 മെഗാവാട്ട് സോളാർ പാർക്ക് വേണ്ടെന്നുവച്ച തിനും മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കുമെതിരെ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ. എൻ. ടി. യു. സി) ഇന്ന് സംസ്ഥാന വ്യാപകമായി മാർച്ചും ധർണയും നടത്തും.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് വൈദ്യുതി ഭവനുകളിലേക്കാണ് മാർച്ച്. പട്ടം വൈദ്യുതി ഭവനിലെ മാർച്ചും ധർണയും കെ. മുരളീധരൻ എം. എൽ.എ ഉദ്ഘാടനം ചെയ്യും. ഐ.എൻ.ടി.യു.സി നേതാവ് ആർ. ചന്ദ്രശേഖരൻ സംസാരിക്കും.

ഇന്റർ സ്കൂൾ കാവ്യകഥന മത്സരം

തിരുവനന്തപുരം : മഹാകവി ഉള്ളൂർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളുടെ കാവ്യ പരിചയം പ്രോത്സാഹിപ്പിക്കുന്നതിനായി കാവ്യകഥന മത്സരം സംഘടിപ്പിക്കുന്നു.

18ന് ജഗതി ഉള്ളൂർ സ്മാരകത്തിൽ നടക്കുന്ന മത്സരത്തിൽ ജില്ലയിലെ എൽ. പി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഓരോ വിഭാഗത്തിലും ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്നവർക്ക് സമ്മാനം ലഭിക്കും. കൂടുതൽ പോയിന്റ് നേടുന്ന സ്കൂളിന് ഉള്ളൂർ സ്മാരകം സ്ഥാപക അദ്ധ്യക്ഷൻ ഡോ. പി. കെ. നാരായണപിള്ള മെമ്മോറിയൽ ട്രോഫി സമ്മാനിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 0471-2325406, 9446523375

ശ്രീ പഴഞ്ചിറ ദേവീക്ഷേത്ര ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട എസ്. ഗോപാലൻ

2018 ലെ കേരളകൗമുദി കലണ്ടർ ആറ്റുകാൽ ദേവീക്ഷേത്ര സന്നിധിയിൽ കേരളകൗമുദി യൂണിറ്റ് ചീഫ് കെ. അജിത്കുമാർ ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ആർ. രവീന്ദ്രൻനായർക്ക് നൽകി പ്രകാശനം ചെയ്യുന്നു. പ്രസിഡന്റ് വി. ചന്ദ്രശേഖരപിള്ള, എക്സിക്യൂട്ടീവ് ഓഫീസർ മേജർ ഡോ. ബി. ബാലചന്ദ്രൻ നായർ, ശ്രീകാര്യകർ ഉദയകുമാർ, സ്പെഷ്യൽ പ്രോജക്ട്സ് എഡിറ്റർ മഞ്ജു വെള്ളായണി, പ്രൊഡക്ഷൻ ഹെഡ് കെ.എസ്. സാബു, പീരിയോഡിക്കൽസ് കോ- ഓർഡിനേറ്റർ എസ്. സുരേഷ്കുമാർ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് കെ. ഹരി എന്നിവർ സമീപം

എസ്.ഐ.ഒ ദക്ഷിണ കേരള സമ്മേളനം

തിരുവനന്തപുരം : എസ്.ഐ.ഒ ഡിസംബർ 23ന് കൊല്ലത്ത് നടത്തുന്ന ദക്ഷിണകേരള സമ്മേളനത്തിന്റെ ജില്ലാ സ്വാഗതസംഘം ഓഫീസ് തുറന്നു. ഉദ്ഘാടനം മുൻ സംസ്ഥാന ജനറൽ സെക്രട്ടറി സമീർ നിർവഹിച്ചു . എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് ഹസൻ നസീഫ് അദ്ധ്യക്ഷത വഹിച്ചു. സക്കീർ, മുജീബ് റഹ്മാൻ, തൻസീർ ഷാഹിൻ, റഹ്മാൻ അസ്ഹരി തുടങ്ങിയവർ സംസാരിച്ചു.

ഡോ. ജ്യോതിദേവ് കേശവദേവും സന്തോഷ് ശിശുപാലും ചേർന്ന് രചിച്ച പ്രമേഹം എന്ന പുസ്തകത്തിന്റെ പ്രകാശനം തിരുവനന്തപുരം പ്രസ് ക്ലബിൽ മല്ലികാ സുകുമാരൻ എം. ജി. രാധാകൃഷ്ണന് നൽകി നിർവഹിക്കുന്നു. ഡോ. അരുൺ ശങ്കർ, ഡോ ജ്യോതിദേവ് കേശവൻ, സന്തോഷ് ശിശുപാൽ എന്നിവർ സമീപം

അന്നദാനഫണ്ട്

തിരുവനന്തപുരം : എസ്. എൻ. ഡി. പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ചതയദിന അന്നദാനഫണ്ടിലേക്ക് മുക്കോലയ്ക്കൽ തോഷിൻ വീട്ടിൽ കെ. ജി. ഹരിദാസിന്റെ 6-ാം ചരമവാർഷികം പ്രമാണിച്ച് ഭാര്യ എൻ. ഇന്ദിര 2001 (രണ്ടായിരത്തിയൊന്ന) രൂപ സംഭാവനയായി നൽകിയതായി യൂണിയൻ കൺവീനർ ആലുവിള അജിത്ത് അറിയിച്ചു.

ആറ്റുകാൽ ദേവി ആശുപത്രി ആക്രമിച്ച കേസ് നാല് പേർ അറസ്റ്റിൽ

തിരുവനന്തപുരം : ആറ്റുകാൽ ദേവി ആശുപത്രി അടിച്ച് തകർക്കുകയും ഡോക്ടർമാരെയും ജീവനക്കാരെയും മർദ്ദിക്കുകയും ചെയ്ത കേസിൽ നാല് പേർ അറസ്റ്റിൽ. മരുതൂർക്കടവ് വിട്ടറയൽ മങ്ങാട്ട് വീട്ടിൽ വിഷ്ണു (21) കാലടി വയലിറക്കത്ത് വീട്ടിൽ അനീഷ് (19) കാലടി ഗൗരീശങ്കരത്തിൽ ഗൗരീശങ്കർ (20) കാലടി മേലിട്ട് വീട്ടിൽ രാഹുൽ (19) എന്നിവരെയാണ് ഫോർട്ട് പൊലീസ് കസ്റ്റഡിലെടുത്തത്.

കോടതിയിൽ ഹാജരാക്കിയ പ്രതികൾക്ക് ജാമ്യം ലഭിച്ചു. 2000 രൂപ വീതം ബോണ്ട് കെട്ടിവച്ചാണ് പ്രതികൾക്ക് ജാമ്യം നൽകിയത്.

ആറ്റുകാൽ ബണ്ട് റോഡിന് സമീപത്ത് നിന്നാണ് നാലുപേരെയും ചൊവ്വാഴ്ചരാവിലെ9മണിയോടെ പൊലീസ് പിടികൂടിയത്.

എയർഇന്ത്യ ജോലിതട്ടിപ്പ്: പ്രതിയെ തലസ്ഥാനത്ത് എത്തിച്ചു

തിരുവനന്തപുരം: എയർഇന്ത്യയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ രാജസ്ഥാൻ സ്വദേശി പ്രമോദ് കുമാറിനെ (25) തിരുവനന്തപുരത്ത് എത്തിച്ചു. ഇയാളുടെ അറസ്റ്റ് തമ്പാനൂർ പൊലീസ് രേഖപ്പെടുത്തി.

എയർഇന്ത്യയിൽ ഗ്രൗണ്ട്സ്റ്റാഫ് ഒഴിവുണ്ടെന്ന് വാട്സ്ആപ് വഴി പരസ്യം നൽകിയാണ് ഇയാൾ തട്ടിപ്പ് നടത്തിയത്. വ്യാജ ഓഫർ ലെറ്റർ അയച്ച ശേഷം പത്തുദിവസത്തെ പരിശീലന കാലത്ത് യൂണിഫോമിനുള്ള തുകയായി പണം ആവശ്യപ്പെട്ടു. രാജ്യത്തുടനീളം ഇതേരീതിയിലുള്ള തട്ടിപ്പ് നടത്തിയതായി പൊലീസ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം മറ്റ് തട്ടിപ്പു സംഘങ്ങളുണ്ടോയെന്നും അന്വേഷിക്കുന്നുണ്ട്. സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശിന് ലഭിച്ച രഹസ്യവിവരത്തെതുടർന്ന് കൺട്രോൾ റൂം അസി. കമ്മിഷണർ വി. സുരേഷ് കുമാറിന്റെ നേതൃത്വത്തിൽ ഷാഡോ സംഘമാണ് പ്രതിയെ ഡൽഹിയിലെ കാശ്മീരി ഗേറ്റിനടുത്തുവച്ച് പിടികൂടിയത്. തമ്പാനൂർ സി.ഐ പ്രവീരാജ്, എസ്.ഐ സുരേഷ് ചന്ദ്രബാബു, സൈബർസെൽ എസ്.ഐ മണികണ്ഠൻ നായർ, ഷാഡോ എസ്.ഐ സുനിൽ ലാൽ, ഷാഡോ ടീമംഗങ്ങൾ എന്നിവർ അറസ്റ്റിനും അന്വേഷണത്തിനും നേതൃത്വം നൽകി.

പ്രമോദ് കുമാർ